## പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2861 — 20.3.2015 ൽ മറുപടിക്ക്

### ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. എ.റ്റി. ജോർജ്**<br>**ശ്രീ. ടി.എൻ. പ്രതാപൻ**<br>**ശ്രീ. വി.ഡി. സതീശൻ** | ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കാമോ; | (എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമവും കുറ്റമറ്റതുമായ രീതിയിൽ ഉറപ്പാക്കുന്നതിനും ലീഗൽ മെട്രോളജി വകുപ്പിനെ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ ലീഗൽ മെട്രോളജി ഓപ്പറേഷൻസ് മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സംവിധാനം നടപ്പാക്കുന്നതിലൂടെ അളവ് തൂക്ക ഉപകരണങ്ങൾ മുദ്ര ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നവരെ എളുപ്പം കണ്ടെത്താൻ കഴിയുന്നതാണ്. അതുപോലെ വകുപ്പിന് കീഴിലുള്ള ഓഫീസുകളിലെ പ്രവർത്തനം സുതാര്യവും മികവുറ്റതുമായ രീതിയിൽ നിരീക്ഷിക്കുവാനും കഴിയും. പരിശോധനയുടെ ഗുണനിലവാരവും കാര്യക്ഷമതയും മെച്ചപ്പെടുത്തുന്നതിനായി ആട്ടോ എൽ.പി.ജി വിതരണം നടത്തുന്ന ഉപകരണങ്ങളുടെ മുദ്രവയ്പ്പ് നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് 9 വാഹനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി വകുപ്പിൽ ഒരുക്കിയിട്ടുള്ള സാങ്കേതിക വിദ്യകൾ എന്തെല്ലാം ; | (ബി) വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള LMMOMS സംബന്ധിച്ച് സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് NIC |

| | | |
|---|---|---|
| | | -യുമായി ചേർന്ന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | വകുപ്പിന്റെ ശാക്തികരണത്തിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (സി) വെയ് ബ്രിഡ്ജുകൾ പരിശോധിക്കുന്നതിനുള്ള 5 മൊബൈൽ വെരിഫിക്കേഷൻ കിറ്റുകൾ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചിട്ടുണ്ട്.<br>ആട്ടോ എൽ.പി.ജിയുടെ പരിശോധനയ്ക്കാവശ്യമായ എൽ.പി.ജി വെരിഫിക്കേഷൻ കിറ്റുകൾ 7 എണ്ണം വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലാബിലേക്ക് XRF സ്പെക്ട്രോമീറ്റർ വാങ്ങിയിട്ടുണ്ട്.<br>ആരോഗ്യമേഖലയിൽ ധാരാളമായി ഉപയോഗിക്കുന്ന സ്ഫിഗ്മോമാനോമീറ്ററിന്റെ വെരിഫിക്കേഷന് ആവശ്യമായ ലാബ് NPL-ന്റെ സഹായത്തോടെ കാക്കനാട് ലീഗൽ മെട്രോളജി ഭവനിൽ സജ്ജമാക്കിയിട്ടുണ്ട്.<br>നിർവ്വഹണ ഉദ്യോഗസ്ഥന്മാർക്ക് അവരുടെ പ്രവർത്തന മേഖലയിൽ വേണ്ട പരിശീലനം IMG/FCRI/NITS NOIDA, NPL New Delhi തുടങ്ങിയ സ്ഥാപനങ്ങളിലായി നൽകി വരുന്നു.<br>ഓട്ടോറിക്ഷാകളിൽ ഘടിപ്പിച്ചിട്ടുള്ള ഫെയർ മീറ്ററുകളുടെ പരിശോധന മുൻസിപ്പാലിറ്റികളിലും കൂടി നിർബന്ധമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**